കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

23 (*229) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാർഷികോല്പാദനത്തിൽ കേരളം വളരെ പിന്നിലാണെന്ന് ഐക്യരാഷ്ട്ര ജനസംഖ്യാനിധി നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾക്ക് സർക്കാർ രൂപം നല്കി പ്രാവർത്തിക മാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പദ്ധതികൾ ഏതൊക്കെയാണെന്ന് എന്നും ഇവ മൂലം എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്നും വിശദമാക്കാമോ ;

(ഡി) ലഭ്യമായ ഏറ്റവും ഒടുവിലത്തെ സ്ഥിതിയനുസരിച്ച് സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ ഉല്പാദനം ഉപഭോഗം, വില നിലവാരം ഇവയെന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് 'കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി' പ്രാബല്യത്തിലായിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം ഒരു സർവ്വേ നടത്തിയതായും അറിവില്ല.

(ബി & സി) സംസ്ഥാനത്തെ പ്രധാന വിളകളായ നെല്ല്, നാളികേരം, കുരുമുളക്, കശുവണ്ടി, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഫലവർഗ്ഗങ്ങൾ തുടങ്ങിയവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവയിൽ ഒട്ടുമിക്കതിലും ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) വ്യത്യസ്ത കാർഷിക വിളകളുടെ ഉൽപ്പാദനം, ഉല്പാദനക്ഷമത, ഉപഭോഗം വിലനിലവാരം എന്നിവയെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ കണക്കുകൾ വിവിധ ഏജൻസികളിൽ നിന്നും ശേഖരിക്കേണ്ടതുണ്ട്. വിവരം ശേഖരിച്ചു നല്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് 25 കാർഷിക വിളകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 'കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി' 25-3-1995 മുതൽ പ്രാബല്യത്തിലുണ്ട്. പ്രകൃതിക്ഷോഭം കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുക. തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, തേയില, മഞ്ഞൾ, കാപ്പി, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകളാണ് പദ്ധതിയിൽ ഉള്ളത്.

LIBRARY ARCHIVES Kerala Legislative Assembly